പതിനാലാം കേരള നിയമസഭ
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 235 12/03/2020-ൽ മറുപടിക്ക്

**വിദേശതൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ യുവജനങ്ങൾ വിദ്യാഭ്യാസ നിലവാരത്തിൽ വളരെ മുൻപന്തിയിലെത്തിയെങ്കിലും വിദേശ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിലെ യുവജനങ്ങൾ വിദ്യാഭ്യാസ നിലവാരത്തിൽ വളരെ മുൻപന്തിയിലെത്തിയെങ്കിലും വിദേശ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം നിൽക്കുന്നു എന്നത് വാസ്തവമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് തൊഴിൽ വകുപ്പിനു കീഴിലെ ഒഡെപെക് മുഖേന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | വിദേശ തൊഴിലവസരങ്ങൾ മലയാളികൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനും പൊള്ളയായ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട് വിദേശത്ത് എത്തിച്ചേർന്ന് ദുരിതങ്ങളിൽപ്പെടാതിരിക്കാനും തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ബി) | വിദേശ തൊഴിലവസരങ്ങൾ മലയാളികൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനും പൊള്ളയായ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട് വിദേശത്ത് എത്തിച്ചേർന്ന് ദുരിതങ്ങളിൽപ്പെടാതിരിക്കാനും വേണ്ടി ഒഡെപെക് എന്ന പൊതുമേഖലാ സ്ഥാപനം മുഖേന വിദേശ തൊഴിൽ അവസരങ്ങൾക്ക് റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും, വിദേശ തൊഴിൽ തട്ടിപ്പുകൾക്ക് എതിരെ ഉദ്യോഗാർത്ഥികൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിന് വേണ്ടി കേരളത്തിലെ എല്ലാ ജില്ലകളിലും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുവൈറ്റ്, ഖത്തർ, ഒമാൻ, അബുദാബി, ബഹറിൻ, സൗദി അറേബ്യ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് ഒഡെപെക് മുഖ്യമായും നിയമനം നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**